## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2695 — 10.07.2015-ലെ മറുപടിക്ക്

### മിൽമ പാലുല്പാദനവും വിതരണവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എസ്.സുനിൽ കുമാർ<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീമതി.ഗീതാ ഗോപി,: | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തൊട്ടാകെ മിൽമ പ്രതിദിനം എത്ര ലിറ്റർ പാൽ വിതരണം ചെയ്യുന്നുണ്ട്; | (എ) മിൽമ ഇപ്പോൾ പ്രതിദിനം 12.17 ലക്ഷം ലിറ്റർ പാൽ വിതരണം ചെയ്യുന്നുണ്ട്. |
| (ബി) ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നുമാണ് കേരളത്തിലേക്ക് പാൽ കൊണ്ടുവരുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലെ ക്ഷീര വിപണന ഫെഡറേഷനുകളിൽ നിന്നുമാണ് കേരളത്തിലേക്ക് പാൽ കൊണ്ടു വരുന്നത്. |
| (സി) പ്രതിദിനം സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പാൽ എത്ര ലിറ്ററാണെന്ന് വ്യക്തമാക്കുമോ; | (സി) 29.78 ലക്ഷം മെട്രിക് ടൺ എന്ന് കണക്കാക്കിയിരിക്കുന്നു. മിൽമയുടെ മൂന്ന് മേഖല യൂണിയനുകളും കൂടി പ്രതിദിനം ശരാശരി 11 ലക്ഷം ലിറ്റർ പാൽ ക്ഷീരസംഘങ്ങളിൽ നിന്നും സംഭരിക്കുന്നുണ്ട്. |
| (ഡി) പാൽ വിതരണത്തിനായി മിൽമ ഹബ്ബുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുകൊണ്ടുള്ള പ്രയോജനം എന്താണെന്ന് വ്യക്തമാക്കുമോ; | (ഡി) മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയൻ ഈ സാമ്പത്തിക വർഷത്തിൽ 4 മിൽമ ഹബ്ബുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എറണാകുളം മേഖലാ യൂണിയൻ പാൽ വിതരണത്തിനായി മിൽമ ഹബ്ബുകൾ സ്ഥാപിക്കുന്നുണ്ട്. മലബാർ മേഖലാ യൂണിയനിൽ 5 മിൽമ ഹബ്ബുകൾ സ്ഥാപിച്ചിട്ടുണ്ട്. മാർക്കറ്റിംഗിനു സൗകര്യപ്രദമായ രീതിയിൽ പെട്ടെന്നുള്ള ഡിമാന്റുകൾക്ക് പാൽ എത്തിച്ചുകൊടുക്കുന്നതിന് വേണ്ടിയും, ഉപഭോക്താക്കൾക്ക് 24 മണിക്കൂറും പാലുല്പന്നങ്ങൾ യഥാസമയം ലഭ്യമാക്കുക, പാൽ വിപണന ശൃംഖല ശക്തിപ്പെടുത്തി പാൽ വിപണനം വ്യാപിപ്പിക്കുക എന്നിവ ലക്ഷ്യമിട്ടു-കൊണ്ടാണ് മിൽമ ഹബ്ബുകൾ സ്ഥാപിക്കുന്നത്. |
| (ഇ) എത്രകാലം കൊണ്ട് പാലുല്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിന് സാധിക്കുമെന്ന് വെളിപ്പെടുത്തുമോ ?. | (ഇ) 2015-2016 വർഷം കൊണ്ട് സ്വയം പര്യാപ്തതയിൽ എത്തിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ